# ഹലാൽ-ഹറാമുകൾ പരിഗണിക്കാതെ സമ്പാദിക്കുന്നവർ

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ عَنِ النَّبِيِّ ﷺ قَالَ: يَأْتِي عَلَى النَّاسِ زَمَانٌ، لاَ يُبَالِي الْمَرْءُ مَا أَخَذَ مِنْهُ، أَمِنَ الحَلاَلِ أَمْ مِنَ الحَرَامِ (بُخَارِى).

അബൂഹുറയ്റയിൽ നിന്ന്, നബി(സ) പറഞ്ഞു: 'ഹറാമിൽ നിന്നാണോ ഹലാലിൽ നിന്നാണോയെന്ന് പരിഗണിക്കാതെ മനുഷ്യർ ധനം സമ്പാദിച്ചുകൂട്ടുന്ന കാലം വരാനിരിക്കുന്നു' (ബുഖാരി).

മനുഷ്യന്റെ മുഴുവൻ ജീവിത രംഗത്തും പുലർത്തേണ്ട ധാർമിക സദാചാര നിയമങ്ങളാണ് ഇസ്‌ലാം സമർപ്പിക്കുന്നത്. ഈമാൻ കാര്യങ്ങളിൽ വിശ്വസിച്ച് ആരാധനാ കർമങ്ങൾ നിർവഹിക്കുന്ന വിശ്വാസിക്ക് സാമ്പത്തിക രംഗമടക്കമുള്ള ജീവിത മേഖലയിൽ എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം ഇസ്‌ലാം അനുവദിക്കുന്നില്ല. ധനം സമ്പാദിക്കുന്നതിലും അത് ചെലവഴിക്കുന്നിടത്തും ധാർമിക മര്യാദകളും ഇസ്‌ലാമിക നിയമങ്ങളും വിശ്വാസി പാലിക്കേണ്ടതുണ്ട്. ഹലാൽ-ഹറാമുകൾ പരിഗണിക്കാതെ എങ്ങനെയെങ്കിലും പണം സമ്പാദിക്കുകയും പിന്നീട് ഹറാമിന്റെ പാപക്കറ മായ്ക്കാൻ സ്വദഖ ചെയ്യുകയും ജീവകാരുണ്യ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുന്നവരുണ്ട്. ധനസമ്പാദനത്തിൽ കൈക്കൊണ്ട നിഷിദ്ധത ദാനധർമങ്ങൾ കൊണ്ടും മറ്റ് സൽക്കർമങ്ങൾ കൊണ്ടും മായ്ക്കാമെന്നാണവർ കരുതുന്നത്. അത് വ്യാമോഹം മാത്രമാണെന്ന് റസൂൽ(സ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അബ്ദുല്ലാഹിബ്നു മസ്ഊദി(റ)ൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: 'വല്ലവനും അനുവദനീയമല്ലാത്തവിധം സമ്പാദിക്കുകയും എന്നിട്ട് അതിൽനിന്ന് ധർമം ചെയ്യുകയും ചെയ്താൽ ആ ധർമം അവനിൽ നിന്ന് സ്വീകരിക്കപ്പെടുന്നതല്ല. തന്റെ ആവശ്യങ്ങൾക്ക് വേണ്ടി അത്തരം ധനം വിനിയോഗിച്ചാൽ അതിൽ അനുഗ്രഹം ഉണ്ടായിരിക്കുകയില്ല. ആ ധനം വിട്ടേച്ചുകൊണ്ട് അവൻ മരിച്ചാൽ അത് അവന്റെ നരകയാത്രയിലെ പാഥേയമായിരിക്കും. അല്ലാഹു തിന്മയെ തിന്മ കൊണ്ട് മായ്ച്ചുകളയുകയില്ല. പക്ഷേ, അവൻ തിന്മയെ നന്മ കൊണ്ട് മായ്ച്ചുകളയും. ചീത്ത ചീത്തയെ മായ്ച്ചുകളയുകയില്ല' (അഹ്മദ്, മിശ്കാത്ത്).

ഒരു വശത്ത് നിഷിദ്ധമായ സമ്പാദ്യം തുടരുകയും മറുവശത്ത് ആ ധനം സൽകർമങ്ങൾക്ക് ഉപയോഗിച്ച് അതിന്റെ തിന്മയെ മായ്ക്കാമെന്ന് കരുതുകയും ചെയ്യുന്നവർക്കുള്ള മുന്നറിയിപ്പാണീ നബിവചനം. നിഷിദ്ധ സമ്പാദ്യം നിർത്തുകയും ഇനിയതാവർത്തിക്കില്ലെന്ന് ദൃഢനിശ്ചയം ചെയ്ത് ഖേദിച്ച് മടങ്ങുകയും നിഷിദ്ധ മാർഗേണ സമ്പാദിച്ചുപോയതത്രയും ദൈവ മാർഗത്തിൽ ചിലവഴിക്കുകയും ചെയ്യുന്നത് മറ്റൊരു വിഷയമാണ്. ഔദ്യോഗിക ജീവിതത്തിൽ ഒഴിച്ചുകൂടാനാവത്തതാണെന്ന് പറഞ്ഞ് കൈക്കൂലിയും മറ്റ് പാരിതോഷികങ്ങളും കൈപ്പറ്റുന്നവരുണ്ട്. അത്തരം ധനം നിഷിദ്ധമായതും ബർകത്ത് ഇല്ലാത്തതുമാണ്. സകാത്ത് ശേഖരിക്കാനായി റസൂൽ(സ) നിയോഗിച്ച ഒരുദ്യോഗസ്ഥൻ സകാത്തിനൊപ്പം തനിക്കുള്ള പാരിതോഷികവും കൈപ്പറ്റിയതിനെ നിശിതമായി ചോദ്യം ചെയ്യുന്ന ദീർഘമായ ഹദീസ് *സ്വഹീഹുൽ ബുഖാരി*യിലുണ്ട്. പാരിതോഷികം കൈപ്പറ്റിയ സ്വഹാബിയെ റസൂൽ(സ) തെറ്റ് ബോധ്യപ്പെടുത്തി. എന്നിട്ടും തൃപ്തനാവാതെ സ്വഹാബികളെയെല്ലാം പള്ളിയിൽ വിളിച്ചുകൂട്ടി അതിന്റെ ഗൗരവം റസൂൽ ഇങ്ങനെ വ്യക്തമാക്കി: "അല്ലാഹു എനിക്ക് അധികാരം നൽകിയ ജോലികളിൽ വല്ലതിലും നിങ്ങളിൽപെട്ട ഒരാളെ ഞാൻ ചുമതല ഏൽപിക്കുന്നു, എന്നിട്ട് അയാൾ വന്ന് പറയുകയാണ്, 'ഇത് നിങ്ങൾക്കുള്ള പണമാണ്; മറ്റേത് എനിക്ക് കിട്ടിയ സമ്മാനവും' എന്ന്. അയാൾ പറയുന്നത് സത്യമാണെങ്കിൽ അയാൾക്ക് തന്റെ മാതാപിതാക്കളോടൊപ്പം വീട്ടിൽ ഇരുന്നാൽ മതിയായിരുന്നില്ലേ? സമ്മാനം അവിടെ എത്തുമായിരുന്നല്ലോ! അല്ലാഹുവാണ സത്യം, തനിക്ക് അവകാശപ്പെടാത്തതെന്തും അതിൽ നിന്നെടുക്കുന്നവൻ അത് പേറിക്കൊണ്ടല്ലാതെ പുനരുത്ഥാനനാളിൽ അല്ലാഹുവെ കണ്ടുമുട്ടുകയില്ല" (ബുഖാരി).

ഇസ്‌ലാം നിഷിദ്ധമാക്കിയ പലിശയും മറ്റുള്ളവരുടെ അവകാശം കലർന്ന ധനവും തന്റെ സമ്പാദ്യത്തിലുണ്ടോയെന്ന് വിശ്വാസി സദാ ജാഗ്രത പുലർത്തേണ്ടതാണ്. മറ്റുള്ളവൻ അനുഭവിക്കേണ്ട നിസ്സാര വസ്തു പോലും അന്യായമായി കവർന്നെടുത്താൽ നാളെ പരലോകത്ത് മറുപടി പറയേണ്ടിവരും. അബൂ ഉമാമ ഇയാസുബ്നു സഅ്ലബതുൽ ഹാരിസിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: "വല്ലവനും ഒരു മുസ്‌ലിമിന്റെ അവകാശം തട്ടിയെടുത്താൽ അല്ലാഹു അവന്ന് നരകം നിർബന്ധമാക്കുകയും സ്വർഗം നിഷിദ്ധമാക്കുകയും ചെയ്യും." ഇതു കേട്ട് ഒരാൾ ചോദിച്ചു: "അത് നിസ്സാരമായ വസ്തുവായിരുന്നാലും, റസൂലേ?" നബി(സ) പറഞ്ഞു: "അതൊരു അറാക്കിന്റെ കൊള്ളിയായിരുന്നാൽ (ദന്തശുചീകരണത്തിന് ഉപയോഗിക്കുന്ന മരക്കൊമ്പ്) പോലും" (മുസ്‌ലിം).

സമ്പാദ്യത്തിൽ നിഷിദ്ധത കലർന്നാൽ സ്വാഭാവികമായും നമ്മുടെ ആഹാരത്തിലും വസ്ത്രത്തിലും നമ്മളിലാകെ തന്നെയും ഹറാം വ്യാപിക്കും. ആ നിഷിദ്ധതയിൽ നിന്ന് മുക്തമാകുന്നത് വരെ നാമെത്ര സൽകർമം ചെയ്തിട്ടും ഉറക്കമൊഴിച്ച് പ്രാർഥിച്ചിട്ടും ഫലമുണ്ടാവില്ല. അല്ലാഹു അത് സ്വീകരിക്കുകയില്ല. ഒരു കഥയിലൂടെ നബി(സ) അത് സ്വഹാബിമാർക്ക് വ്യക്തമാക്കിക്കൊടുത്തിട്ടുണ്ട്. ദീർഘയാത്ര ചെയ്ത് വിശുദ്ധ സ്ഥാനത്ത് എത്തിച്ചേർന്ന ഒരു മനുഷ്യനെക്കുറിച്ച് നബി(സ) പരാമർശിക്കുകയുണ്ടായി. മുടി ജടപിടിച്ച്, പൊടിപുരണ്ട ശരീരത്തോടെ അയാൾ ഇരുകരങ്ങളും ആകാശത്തേക്ക് നീട്ടി എന്റെ റബ്ബേ, എന്റെ റബ്ബേ എന്ന് പ്രാർഥിക്കുകയാണ്. എന്നാൽ അയാളുടെ ഭക്ഷണം ഹറാമാണ്, പാനീയം ഹറാമാണ്, വസ്ത്രം ഹറാമാണ് അയാൾ വളർന്നതു തന്നെ ഹറാമിലാണ്, പിന്നെ എങ്ങനെ അയാളുടെ പ്രാർഥന സ്വീകരിക്കപ്പെടാനാണ്? (മുസ്‌ലിം). ■